LIBRARY ARCHIVES Kerala Legislative Assembly

പേരൂർക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ് ക്ഷാമം

352 (2182) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേരൂർക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ അനുവദിച്ചിട്ടുള്ള ഷെഡ്യൂളുകളുടെയും ബസ്സുകളുടെയും എണ്ണം ലഭ്യമാക്കാമോ ;

(ബി) അംഗീകൃത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഇപ്പോൾ എത്ര ബസ്സുകളുടെ കുറവുണ്ട് ;

(സി) പ്രസ്തുത ഡിപ്പോയിൽ ആവശ്യമായ ബസ്സുകൾ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പേരൂർക്കട ഡിപ്പോയിൽനിന്നും 95 കെ.എസ്.ആർ.ടി.സി. സർവ്വീസുകളും 15 ജൻറം സർവ്വീസുകളും നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. തിരുവനന്തപുരം പേരൂർക്കട ഡിപ്പോയിൽ അനുവദിച്ചിട്ടുള്ള ഷെഡ്യൂളുകൾ നിലവിലുള്ള ബസ്സുകൾ എന്നിവ സംബന്ധിച്ച വിവരം താഴെ പറയും പ്രകാരമാണ്:

ഇനം	ഷെഡ്യൂളുകൾ	ബസുകൾ
City Fast	41	38
Ordinary	54	24
JnNURM	15	15
Total	110	77

(ബി) സിറ്റി ഫാസ്റ്റിന് സ്പെയർ ഉൾപ്പെടെ 7 ബസ്സുകളുടേയും സിറ്റി ഓർഡിനറിക്ക് സ്പെയർ ഉൾപ്പെടെ 35 ബസ്സുകളുടേയും കുറവുണ്ട്.

(സി) പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നമുറയ്ക്ക് ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.